jmupschool.in



# മഴവില്ല്

Digital magazine

## ജാനകി മെമ്മോറിയൽ യു പി സ്കൂൾ ചെറുപുഴ

## ഉള്ളടക്കം


അമ്മ......6
അപ്പൂപ്പൻതാടി......8
എന്റെ നാട്......10
ചിലന്തി......11
പിറന്നാൾ സമ്മാനം......12
ഭൂമിയുടെ അവകാശികൾ......13
മതിലുകൾക്കപ്പുറത്ത്......15
മഴമോഹം......16
സൂര്യൻ......17
പൂമ്പാറ്റകൾ......18
വിദ്യാലയം......19
Buzzing Bees......20
സ്കൂളിൽ പോവാലോ......21
എൻ വിദ്യാലയം......22
ബിരിയാണി......23
ഓർമ്മകളുടെ കുപ്പിവളകൾ......27
ഗ്രാമജീവിതം......29
കാസിമിന്റെ ചെരുപ്പ്......30
കണ്ടൻ പൂച്ച......34





**ഹെഡ്മാസ്റ്റർ**
**പി എൻ ഉണ്ണികൃഷ്ണൻ**

പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറുമ്പോൾ കുട്ടികളുടെ അറിവും വായനയും അതിലൂടെ സർഗ്ഗാത്മകതലവും വികസിക്കുന്നു. അവരുടെ ചിന്തയിൽ വിരിയുന്ന സർഗ്ഗാത്മക സൃഷ്ടികൾ കോർത്തിണക്കി തയ്യാറാക്കിയ മാഗസിൻ വായനയുടെ ലോകത്ത് പുത്തൻ പ്രതീക്ഷ ജനിപ്പിക്കുമാറാകട്ടെ !
















# ആമുഖം

മികവിന്റെ  കേന്ദ്രമായ ചെറുപുഴ ജെ.എം.യു.പി. സ്കൂൾ കുട്ടികളുടെ എല്ലാത്തരം കഴിവുകളേയും വളർത്താനും പ്രോത്സാഹിപ്പിക്കാനും ഉതകുന്ന നിരവധി പരിപാടികൾ നടത്താറുണ്ട്. അതിലൊന്നാണ് ഡിജിറ്റൽ മാഗസിൻ. പുതിയ സാങ്കേതിക വിദ്യ കുട്ടികളുടെ കൂടി പങ്കാളിത്തത്തോടെ ഉപയോഗിച്ചിരിക്കുകയാണ് ഇതിൽ. ഇതിന്റെ ടൈപ്പിംഗ് ഉൾപ്പെടെ എല്ലാ രംഗത്തും കുട്ടികൾ തന്നെയാണ് പ്രവർത്തിച്ചിരിക്കുന്നത്. ഐ.ടി.രംഗത്ത് കുട്ടികളുടെ താല്പര്യം തിരിച്ചറിഞ്ഞ് ഇത്തരമൊരു ഉദ്യമത്തിനായി തുനിഞ്ഞപ്പോൾ കുട്ടികൾ വളരെയധികം താല്പര്യത്തോടെ ഇത് ഏറ്റെടുത്തു. അതിനാൽ വർണ്ണങ്ങളുടെ ലോകത്ത്  തത്തിക്കളിക്കുന്ന കുട്ടികളുടെ താല്പര്യത്തെ മാനിക്കുന്ന മഴവില്ല് എന്ന പേര് ഇതിന് യോജിക്കും എന്നതിൽ സംശയമില്ല.

ഐ ടി കോർഡിനേറ്റർ

ജെ.എം.യു.പി. സ്കൂൾ ചെറുപുഴ

**Chief Editor**



*Uthara Jayesh*

# EDITORIAL BOARD

Little Stars JMUP
























NAIR MEMORIAL







കഥ

# അമ്മ

ഒരിക്കൽ ഒരു കാട്ടിൽ ഒരുപാട് മൃഗങ്ങൾ താമസിച്ചിരുന്നു. അതിൽ കുട്ടിയാനയും അവന്റെ അമ്മയും താമസിച്ചിരുന്നു. കുട്ടിയാന വളരെ കുസൃതിക്കാരനായിരുന്നു. അവർ നല്ല സന്തോഷത്തോടെയാണ് ജീവിച്ചത്. ഒരു ദിവസം കുട്ടിയാന അവന്റെ കൂട്ടുക്കാർക്കൊപ്പം കളിക്കുകയായിരുന്നു. അപ്പോൾ കുട്ടിയാനയുടെ കൂട്ടുകാരൻ ടിന്റു പറഞ്ഞു "നിങ്ങൾക്ക് അറിയുമോ

ദൂരെ കാണുന്ന മലയിൽ മാമ്പഴമുണ്ട്.. അതിന് നല്ല രുചിയാണ്. "കുട്ടിയാന ചോദിച്ചു. "മാമ്പഴമോ, ഞാൻ അവിടെ മാമ്പഴമുണ്ടെന്ന് ഇപ്പോഴാണ് അറിയുന്നത്. ശരി കൂട്ടുകാരെ നമുക്ക് നാളെ കാണാം - രാത്രിയായി, അമ്മ അവനെ അത്താഴം കഴിക്കാൻ വിളിച്ചു. അത്താഴം കഴിക്കുന്നതിനിടയിൽ അവൻ അമ്മയോട് ചോദിച്ചു. അമ്മേ എൻ്റെ കൂട്ടുകാരൻ പറഞ്ഞല്ലോ നീലിമലയിൽ മാമ്പഴമുണ്ടെന്ന് "അമ്മ പറഞ്ഞു നീലിമലയിൽ മാമ്പഴം ഉണ്ട് ". എനിക്കും മാമ്പഴം വേണം കുട്ടിയാന വാശി പിടിച്ചു. അമ്മ എത്ര പറഞ്ഞിട്ടും അവൻ കേട്ടില്ല. കുട്ടിയാന ഒന്നും മിണ്ടാതെ ഉറങ്ങാൻ പോയി. രാവിലെയായി കുട്ടിയാന എഴുന്നേറ്റു. അവൻ ചിന്തിച്ചു, അമ്മ എനിക്ക് നീലിമലയിൽ പോയി മാമ്പഴം പറിച്ചു തന്നില്ലെങ്കിൽ ഞാൻ തനിയെ പോയിക്കോളാം. അവൻ തനിച്ച് നീലിമലയിൽ പോകാൻ തീരുമാനിച്ചു. കുട്ടിയാന പോകാൻ വേണ്ടി വീട്ടിൽ നിന്ന് ഇറങ്ങിയപ്പോൾ അവനോട് അമ്മ ചോദിച്ചു. "മോനേ നീ എങ്ങോട്ടാ ഈ രാവിലെ തന്നെ പോകുന്നത്? ഞാൻ മാമ്പഴം പറിക്കാൻ

പോകുന്ന അവൻ മറുപടി പറഞ്ഞു: "മോനേ നീ അങ്ങോട്ട് പോകരുത് അവിടെ ഒരു കുഴിയുണ്ട് നീ ആ കുഴിയിൽ വീണുപോകും" അമ്മ പറഞ്ഞു. കുട്ടിയാന അമ്മയുടെ വാക്കുകൾ കേൾക്കാതെ പോയി. വൈകുന്നേരമായി. നല്ല മഴക്കാറുണ്ട് മഴ പെയ്യുവാൻ പോകുന്നു. കുട്ടിയാനയെ കാണുന്നില്ല ഇനി എന്തു ചെയ്യും അമ്മസങ്കടത്തിലായി.

ആ സമയത്ത് കുട്ടിയാന നീലിമലകയറികൊണ്ടിരിക്കുമ്പോൾ പെട്ടന്ന് മഴ പെയ്തു. നല്ല ശക്തിയായ മഴയായതും അവന് കൃത്യമായ് ഒന്നും കാണാൻ സാധിച്ചില്ല. കുട്ടിയാന കുഴിയിൽ വീണു: രാത്രിയായിട്ടും അവനെ കാണാത്തതുകൊണ്ട് അമ്മ കുട്ടിയാനയെ തിരക്കി പോയി. അമ്മ കുറെ നടന്നു അവനെ കണ്ടില്ല കുറച്ചു നടന്നപ്പോൾ കുട്ടിയാന കുഴിയിൽ വീണിരിക്കുന്നത് അമ്മ കണ്ടു. അമ്മ കുട്ടിയാനയെ രക്ഷിച്ചു.അവർ വിട്ടിലേക്ക് പോയി. കുട്ടിയാന പറഞ്ഞു. അമ്മേ എന്നോട് ക്ഷമിക്കു എൻ്റെ തെറ്റ് എനിക്ക് മനസ്സിലായി ഞാൻ അമ്മയുട വാക്കുകൾ കേൾക്കണമായിരുന്നു. ഇനി ഞാൻ അമ്മ പറയുന്നത് അനുസരിച്ചോളാം. അമ്മ അവനെ കെട്ടിപ്പിടിച്ച് ഉമ്മ കൊടുത്തു. അമ്മ കുട്ടിയാനയക്ക് കുറേ പഴങ്ങൾ തിന്നാൻ കൊടുത്തു. അതിനു ശേഷം അവർ സന്തോഷത്തോടെ ജീവിച്ചു.



വൈഗ വിനോദ്

ആറ് ബി

# അപ്പൂപ്പൻതാടി

ഇന്നലെ ഞാനെന്റെ വീട്ടുമുറ്റത്തൊരു
കൊച്ചു പൂമ്പാറ്റയെ കണ്ടിരുന്നു
മഞ്ഞച്ചിറകുകൾ വീശി വീശി
അവളെന്നെ മാടിവിളിച്ചിരുന്നു
കൂട്ടിന്നുവന്നതാണെന്നു കരുതിഞാൻ
ഓടിയടുത്തപ്പോൾ മാഞ്ഞുപോയി
മുറ്റത്തും തൊടിയിലും ഓടിനടന്നിട്ടും
കൊച്ചു പൂമ്പാറ്റയെ കണ്ടതില്ല
എന്റെ കൂട്ടുകൂടാനായ് വന്നതില്ല.
നിറകണ്ണുമായി ഞാൻ മുറ്റത്തിരിക്കവെ
ഒരപ്പൂപ്പൻ താടി പറന്നുവന്നു
എന്റെ പുള്ളിയുടുപ്പിൽ കയറിനിന്നു
കണ്ണു തുടക്കുക വേഗം നമുക്കു-
കളിച്ചുരസിക്കാമെന്നു ചൊല്ലി
കണ്ണുതുടച്ചുഞാൻ വേഗമെണീറ്റതും
അപ്പൂപ്പൻ താടി പറന്നുപോയി
വീണ്ടും കണ്ണുനിറയുമെന്നായപ്പോൾ
അപ്പൂൻതാടി തിരികെ വന്നു
അയ്യേ കരയേണ്ട പറ്റിച്ചതാണെന്നു
ചൊല്ലിയെൻ കയ്യിൽ വന്നിരുന്നു

മുറ്റത്തും തൊടിയിലും പാടവരമ്പത്തും

ഞങ്ങൾ കളിച്ചു രസിച്ചു ഏറെ

എന്റെ പുഞ്ചിരി കണ്ടു മനസ്സുനിറഞ്ഞതും

അപ്പൂച്ചൻതാടി പറന്നു പോയി

കൂടെക്കളിക്കുവാൻ കൂട്ടുകാരില്ലാത്ത

സങ്കടം മാറ്റിയ ചങ്ങാതിയായ്

എന്നുമെന്നുള്ളിൽ നീ നിറഞ്ഞുനിൽക്കും

എന്റെ ഉറ്റചങ്ങാതിയായ് കൂടെനിൽക്കും.



ശ്രീപാർവതി നിഖിൽരാജ്

അഞ്ച് ബി

കവിത

# എന്റെ നാട്

കേരളമെന്നുടെ നാടാണ്
കേരം തിങ്ങിയ നാടാണ്
കേളിയെഴുന്നൊരു നാടാണ്
കേവഞ്ചികളുടെ നാടാണ്

കേരളമെന്നുടെ നാടാണ്
കഥകളി തൻ കളിവീടാണ്
പുത്തരി വിളയും നാടാണ്
പൂക്കാലത്തിൻ നാടാണ്



സൂര്യഗായത്രി
അഞ്ച് ബി

# ചിലന്തി

"എത്ര മനോഹരമെന്റെ നൂല്
സ്വന്തമായി ഞാൻ നെയ്ത പട്ടുനൂല്
ആരുമെകണ്ടാൽ കൊതിച്ചു പോകും
അത്രയ്ക്കും നേർത്തതാണന്റെനൂല്
ഒരു പ്രാണിതൻ വീണ്ട പോയാൽ
എൻ നൂലിൽ ഒട്ടിപിടിച്ചീടുന്നു
അവയെ ഞാൻ ആഹാരമാക്കിടുന്നു
അങ്ങനെ ഞാൻ നിന്നിടുന്നു"



ദിൽജിത്ത്
ആറ് ഇ

കഥ

# പിറന്നാൾ സമ്മാനം

ഒരിടത്ത് ഒരച്ഛനും അമ്മയും രണ്ടു മക്കളും ജീവിച്ചിരുന്നു. ചിന്നുവും മിന്നുവുമായിരുന്നു മക്കൾ. അച്ഛൻ എല്ലാ ദിവസവും രാവിലെ മക്കൾക്ക് അചഛന്റെ സമ്പാദ്യത്തിൽ നിന്ന് ഒരു പങ്ക് നൽകുമായിരുന്നു. ചിന്നു അത് സമ്പാദിച്ചുവെക്കുമായും മിന്നു. അതുകൊണ്ട് അവൾക്കിഷ്ട്പെട്ടതെല്ലാം വാങ്ങുകയും ചെയ്തു. അങ്ങനെ അചഛന്റെ പിറന്നാൾ എത്തി, ചിന്നു സമ്പാദിച്ചുവെച്ച പൈസ കൊണ്ട് അച്ഛന് സമ്മാനം വാങ്ങാനിരിക്കുമ്പോഴാണ് അചഛന് അപകടം പറ്റിയത്, ചികിത്സിക്കാൻ പൈസയില്ലായെന്ന് ചിന്നു അറിഞ്ഞത്. അമ്മ തൻ്റെ സ്വർണ്ണം പണയം വെച്ചു. എന്നാലും പൈസ തികഞ്ഞില്ല. അവസാനം തൻ്റെ സമ്പാദ്യം കൊണ്ട് അച്ഛനെ ചികിത്സിച്ചു. അച്ഛൻ്റെ പിറന്നാളിന് അച്ഛന്റെ ജീവൻ അവൾ സമ്മാനമായി കൊടുത്തു. ഇതുകണ്ട് മിന്നു തലതാഴ്ത്തി നിന്നു.



ആവണി അനീഷ്

ഏഴ് ബി.

ആസ്വാദനക്കുറിപ്പ്

# ഭൂമിയുടെ അവകാശികൾ

മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യ സമരപോരാളിയുമായിരുന്ന വൈക്കം മുഹമ്മദ് ബഷീർ നർമ്മം തുളുമ്പുന്ന ലളിതമായ ഭാഷയിലുള്ള അദ്ദേഹത്തിന്റെ രചനകൾ അനുവാചക ഹൃദയം കീഴടിക്കിയിട്ടുള്ളവയാണ്

വൈക്കം മുഹമ്മദ് ബഷീറിൻ്റെ പ്രശസ്തമായ കഥകളിലൊന്നാണ് 'ഭൂമിയുടെ അവകാശികൾ'. ബഷീറിൻ്റെ മറ്റു കൃതികളിൽ നിന്നും വ്യത്യസ്തമായൊരു രചനയാണിത്. രണ്ടരയേക്കർ തെങ്ങിൻ പറമ്പും അതിലൊരു വീടും സ്വന്ത മാക്കിയ കഥാനായകൻ്റെ കൊച്ചു സാമ്രാജ്യത്തിലേക്ക് അനുവാദമില്ലാതെ ഒരു കൂട്ടർ എന്ന് പറഞ്ഞു കൊണ്ടാണ് കഥ ആരംഭിക്കുന്നത്. മുദ്രപത്രത്തിൽ അവകാശമില്ലാത്ത മുള്ളുവേലികളെയും, ഇരുമ്പു ഗേറ്റിനെയും സർവ്വോപരി ഷാൻ എന്ന ഉശിരൻ നായയെയും വക വെക്കാതെ തൻ്റെ പറമ്പിലേക്ക് കടന്നുവരുന്ന പൂമ്പാറ്റകളെയും പക്ഷികളെയും മറ്റ് ജീവജാലങ്ങളെയും നോതി കൊണ്ട് ഇവയ്യൊക്കെ എൻ്റെ പറമ്പിൽ എന്താണ് അവകാശം എന്ന ചിന്തയിലൂടെയാണ് കഥ വിശാലമാകുന്നത്. പ്രകൃതി വിഭവങ്ങളുടെ അവകാശം മനുഷ്യന് മാത്രമല്ലെന്നും അവ മറ്റ് ജീവജാലങ്ങൾക്ക് കൂടിയുള്ളതാണെന്ന വസ്തുത ഈ കഥയിൽ അടിവരയിട്ട് പറയുന്നുണ്ട്. ആദർശവാദിയായ കഥാനായകനും പ്രായോഗിക ചിന്താഗതിക്കാരിയായ ഭാര്യയും തമ്മിലുള്ള വാദപ്രതിവാദങ്ങളിലൂടെയാണ് കഥ തുടരുന്നത്. മനുഷ്യന് ഉപ്രദ്രവകാരികളായ ജീവികളെ ഭാര്യ കൊല്ലുമ്പോൾ അത്

തെറ്റാണ് ഒരു ജീവിയേയും കൊല്ലാനോ ഉപദ്രവിക്കാനോ പാടില്ല എന്ന പാഠം അദ്ദേഹം പകർന്നു നൽകുന്നുണ്ട്. ‘‘500 കൊല്ലത്തിനുള്ളിൽ ഈ ഭൂമിയിലുള്ള സർവ്വജന്തുക്കളെയും പക്ഷികളെയും മൃഗങ്ങളെയും എല്ലാം മനുഷ്യൻ കൊന്നൊടുക്കും. മരങ്ങൾ വെട്ടി നശിപ്പിക്കും. മനുഷ്യൻ മാത്രം അവശേഷിക്കും. എന്നിട്ട് ഒന്നടങ്കം ചാവും" ബഷീറിൻ്റെ ഈ വാക്കുകളിൽ ദീർഘവീക്ഷണം ഒളിച്ചിരിക്കുന്നുണ്ട്

"ഓർക്കുക ജീവികളായ സർവ്വ ജീവികളും ഭൂമിയുടെ അവകാശികൾ" എന്നാണ് ബഷീർ കഥാന്ത്യത്തിൽ പറയുന്നത്. ബഷീർ എന്ന ഇതിഹാസ നായകൻ അക്ഷരങ്ങൾ കൊണ്ട് തിർത്ത ഈ മാസ്മരിക ലോകത്തേക്ക് ഒരിക്കലെങ്കിലും നാം കടന്നുചെല്ലണം. എന്നാൽ മാത്രമേ ഈ കഥയുടെ ഗുണം പൂർണ്ണതയോടെ നമ്മിലേക്കെത്തുകയുള്ളൂ. എല്ലാവരും തീർച്ചയായും വായിച്ചിരിക്കേണ്ട ഒരു കഥയാണിത്.



എയ്ഞ്ചൽ നിറ്റ്സ്സ

ഏഴ് ഇ

കവിത

# മതിലുകൾക്കപ്പുറത്ത്

ഞാൻ പോകുന്നു
നിന്നെയും കൂട്ടി.
പറയുന്നതോ,
കാണുന്നതോ,
കേട്ടതോ,കേൾക്കാത്തതോ,
അതിനപ്പുറം കെട്ടിയ മതിലുകൾക്ക്
നമുക്ക് പാർക്കാം,
നിറങ്ങൾ നോക്കി
കൊടികൾ നോക്കി
മതങ്ങൾ നോക്കി
പിന്നെ അവസാനം
കുന്തിരിക്കാം പുകയുന്ന
വെള്ള വെളുത്ത തുണിയുടെ
നനത്ത ശിൽക്കാരങ്ങൾ
നിന്നെ ഉണർത്തും
ഒക്കെ മതിലുകളാണ്
ഞാനും നീയുമൊക്കെ
അതിവരമ്പുകളാണ് .



സൂര്യഗായത്രി എ
അഞ്ച് ബി

# മഴമോഹം

വേനൽ വന്നു
പുഴകൾ വറ്റി
പുല്ല് കരിഞ്ഞു,
ഇല പൊഴിഞ്ഞു
ചെടിയുണങ്ങി
പക്ഷികൾ പറന്നുപോയി
കുട്ടി ആകാശത്തേക്ക് നോക്കി
മേഘങ്ങളോട് ചോദിച്ചു
ഒന്ന് പെയ്തിറങ്ങുമോ?



അന്ന കാതറിൻ
മൂന്ന് എ

കവിത

# സൂര്യൻ

കുഞ്ഞി കണ്ണൊന്ന് ചിമ്മി ചിമ്മി
തുറക്കവേ പൊന്നുണ്ണി
തൻഹൃത്തടം തുള്ളിതുടിച്ചു
ഹാ.... എന്ത് രസമാണാപ്പഴം
നുകർന്നീടുവാൻ
പൊന്നുണ്ണിതൻ ഉള്ളം തുടിച്ചു
ഓടി താൻ ചെന്നു
പൊന്നമ്മ തൻ ചാരേ
ചൊല്ലി തന്നാശ വാശിയോടെ
അമ്മ തൻ കരം പിടിച്ചാഞ്ഞു വലിച്ചു
കൊണ്ടോടി പൊന്നോമന
ചന്തമെഴുന്നോരാപ്പഴം
കണ്ടമ്മ പുഞ്ചിരിയോടെ
പൈതലേ ചേർത്തുപിടിച്ചീടിനാൽ
കൺമണീ കാൺക നീ..
കണ്ടത് പഴമല്ല
വെളിച്ചം വിതറുന്ന "സൂര്യനാണ്"



ജെനിഫർ മരിയ ജോജി

ആറ് ഡി

**കവിത**

# പൂമ്പാറ്റകൾ

പൂവുകൾ തോറും പാറിനടക്കും
പുള്ളിച്ചിറക്കുള്ള പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ
പുള്ളിച്ചിറകുള്ള പൂമ്പാറ്റേ
പൂവുകൾ തോറും പാറിനടന്ന്
തേൻ നുകരുന്നൊരു പൂമ്പാറ്റേ
പുള്ളിച്ചിറകുള്ള പൂമ്പാറ്റേ
പുത്തനുടുപ്പിട്ട പൂമ്പാറ്റേ



ആരാധ്യ ജിനേഷ്
രണ്ട് - ഡി

കവിത


# വിദ്യാലയം

എന്നിലെ വെളിച്ചമായുദിച്ചുയരും ദീപമെ
നിൻ പാതയിലെത്രനിഴലായ് നിന്നു ഞാൻ
ഈ മരുഭൂമിയിൽ മരീചികപോലെ
എൻ അറിവിൽ അക്ഷരച്ചില്ലകൾ തളിരിട്ടതും
നിന്നിലെ ഒരു ശിഖരമായ് മാറി ഞാൻ
നിൻ മുറ്റത്തിൻമണൽത്തരികെൻലോകമായ്
എൻ അറിവിൻ വിളക്കായഗുരുക്കളത്രയും.....



ആരാദ്യ എസ്
അഞ്ച് ബി

# Buzzing Bees



# സ്കൂളിൽ പോവാലോ

തുള്ളിച്ചാടി പോവാലോ
സ്കൂളിൽ  പോവാലോ
കളിക്കാം ചിരിക്കാം പാട്ടുപാടാം
ഡാൻസ് കളിച്ച  രസിച്ചീടാം
തുള്ളിച്ചാടി പോവാലോ
സ്കൂളിൽ പോവാലോ
ടീച്ചർ പഠിപ്പിക്കും അ ആ ഇ ഈ
മാഷ് പഠിപ്പിക്കും എ ബി സി ഡി
തുള്ളിച്ചാടി പോവാലോ
സ്കൂളിൽ പോവാലോ



മാളവിക.കെ

അഞ്ച് ഈ

കവിത

# എൻ വിദ്യാലയം

എൻ ഓർമയിൽ വാഴും വിദ്യാലയം
ഞാൻ പഠിച്ചൊരു വിദ്യാലയം
ഓർമയിൽ  വാഴുന്ന വിദ്യാലയമേ
നിന്നേ ഞാനൊരിക്കലും മറക്കുകില്ല
പക്ഷികൾ ചലയ്ക്കുന്ന
ഓന്നും എൻ ചെറു വിദ്യാലയ അങ്കണത്തിൽ
വിദ്യകൾ നേടിതന്ന ലോകമേ
നിന്നെ സ്നേഹിക്കുന്ന ഞാൻ എന്നുമെന്നും.



മാളവിക കെ
അഞ്ച് ഈ

ആസ്വാദനക്കുറിപ്പ്

# ബിരിയാണി

പ്രശസ്ത കഥാകൃത്ത് 'സന്തോഷ് ഏച്ചിക്കാനം' രചിച്ച 'ബിരിയാണി 'എന്ന കൃതിയാണ് ഇത്. നരനായും പറവയായും, ഒറ്റവാതിൽ തുടങ്ങിയവയാണ് ഇദ്ദേഹത്തിന്റെ മറ്റ് പ്രശസ്ത കൃതികൾ. മലയാള ചെറുകഥകളുടെ ഒരു ഉത്സവമാണ് ഈ പുസ്തകം.

ഒന്നാമത്തെ കഥയായ ബിരിയാണിയിൽ ഒരു ബീഹാറിക്കാരന്റെ ജീവിതമാണ് ആവിഷ്കരിച്ചിരിക്കുന്നത്. കലന്തൻ ഹാജിയെയും, അയാളുടെ ജീവിതപരിസരങ്ങളേയും വിദ്യാഭ്യാസത്തിലേക്കും മെട്രോ നഗരങ്ങളിലേക്കും അമേരിക്ക എന്ന വിദേശരാജ്യത്തിലേക്കും നീങ്ങുന്നത് കാണിച്ചുതരുന്നു. ബീഹാറിക്കാരന്റെ ദാരിദ്ര്യവും കഷ്ടപ്പാടും ഈ കഥയിൽ വ്യക്തമാണ്.

നായിക്കാപ്പ് എന്ന രണ്ടാമത്തെ  കഥയിൽ കഥ തിരഞ്ഞുപോകുന്ന ഒരു കഥാകാരന്റെ കഥയാണുള്ളത്. കഥ അന്വേഷിക്കുന്നതിനിടയിൽ പരിചയപ്പെട്ട തീർത്ഥൻ എന്ന് ഒരു ചെറുപ്പക്കാരനോടൊപ്പം ചിലവിട്ട സമയവും, കഥയുടെ അന്വേഷണവഴികളിൽ ഉണ്ടായ ഭയാനകവും ആശ്ചര്യം വളർത്തുന്നതുമായ സംഭവങ്ങളും, വളരെ മനോഹരമായി ഈ കഥയിൽ വിവരിച്ചിട്ടുണ്ട്. ശ്രീജയൻ ഇളയച്ചനേയും, കഥയുടെ ഉടമസ്ഥനായ പേരഴകനേയും തേടി കുമ്പളയിൽ പോയ കഥാകാരൻ തീർഥനൊപ്പം ഭയത്തോടെ ഒരു ഇടവഴിയിലൂടെ നടക്കുന്ന തിനിടയിൽ പരിചയപ്പെട്ട വരേയും ഈ കഥയിൽ പറയുന്നുണ്ട്. ഈ കഥയുടെ അവസാനം ഭയത്തോടൊപ്പം, നിരാശയും കഥാകാരനെ എന്തും നേരിടാനുള്ള മാനസികാവസ്ഥയിൽ എത്തിച്ചതും,അതുകണ്ടപ്പോൾ തീർഥനിൽ ഒരു അച്ചടക്കം കണ്ടതും കഥാകാരൻ ഒരു ലോറിയിൽ തിരികെ നാട്ടിലേക്ക് പുറപ്പെട്ടതും പറയുന്നു. "മൂന്നാമത്തെ കഥ മനുഷ്യാലയങ്ങളിൽ "ഒടുങ്ങാത്ത പകയുടേയും

പ്രതികാരത്തിന്റെയും കഥയാണ്. 12 വർഷം കഴിഞ്ഞിട്ടും ഒടുങ്ങാത്ത പകയെ കഥാകാരൻ വിനാഗിരിയിൽ ഇട്ടുവച്ച കാന്താരിമുളകാണെന്നാണ് വിശേഷിപ്പിച്ച പറഞ്ഞത്. പകയ്ക്കുകാരണം എന്തെന്നാൽ രാജു, വലിയപള്ളി മഖാം ഉറൂസിന്റെ അവസാന ദിവസം വിശ്വാസികൾക്ക് വിളമ്പാൻ പള്ളിമുറ്റത്തെടുത്തുവച്ച നെയ്ച്ചോറിൽ മണ്ണെണ്ണ ഒഴിച്ചു. അതിനുപകരം നവാസ് അത്തിക്കാവിലെ ഭഗവതിയുടെ വിഗ്രഹം പിഴുതെടുത്ത് അതിനുമുകളിൽ ഗ്ലാസ്സ് നിരത്തിവച്ച് റമ്മൊഴിച്ചുകുടിച്ചു. ഇവിടെയാണ് അവരുടെ പകയ്ക്ക് തുടക്കമായത്. പരസ്പരം വെട്ടി കഷണങ്ങളാക്കാൻ ആയുധങ്ങളുമായി പീടികയിൽ കാത്തിരുന്ന ഓർമയും കഥയിൽ വിവരിക്കുന്നുണ്ട്. ബസ്സിൽനിന്ന് നവാസിനെ വെട്ടി ആ ചോരതന്റെ ഷർട്ടിൽ ഒപ്പിയെടുത്ത്, കറുത്തുതുടങ്ങിയ ചോര മണത്ത് സുഖമായി ഉറങ്ങുന്നതും ഈ കഥയിൽ പറയുന്നു. ഇതിൽനിന്ന് പകയുടെ തീവ്രത നമുക്ക് മനസ്സിലാകും. കോവയ്ക്കാ പന്തലിൽ ഉണ്ടായിരുന്ന പക്ഷിക്കൂട് കഥയുടെ അവസാനം ആരോ തല്ലിക്കീറിയിട്ടു. അത് ഒടുങ്ങാത്ത പകയെ സൂചിപ്പിക്കുന്നു. രാജുവിന്റെ പ്ലാസ്റ്റിക് കവറിനുള്ളിൽ തന്റെ ചോര ഒപ്പിയെടുത്ത വരയൻ ഷർട്ട് കണ്ടപ്പോൾതന്നെ നവാസിന് രാജുവിന്റെ പകയുടെ തീവ്രത മനസിലാകുന്നു

നാലാമത്തെ കഥയായ ''uvwxyz'' ബാല്യകാലത്തിലെ വിട്ടുമാറാത്ത പനിയുടെ വിശേഷമാണുള്ളത്. ആനേരത്ത് സ്കൂളിൽ ചേർത്തപ്പോൾ തന്നെ സംരക്ഷിക്കാനും സ്കൂളിലേക്ക് പഠിക്കാനും കൂടിയായി വന്ന, വീട്ടിലെ നെല്ലു കുത്തുകാരിയുടെ മകളായ റംലയ്ക്ക് തന്നോടുള്ള അനുകമ്പയും സ്നേഹവും ഈ കഥയിൽ വിവരക്കുന്നു. പനിയുണ്ടാക്കിയ രോഗാണുക്കൾ റംലയ്ക്ക് പ്രാഥമിക വിദ്യാഭ്യാസം നൽകി. ഈ സാഹചര്യം ഇവരുടെ സൗഹൃദത്തെ കൂടുതൽ ദൃഢമാക്കി. ഒരുപാട് വർഷങ്ങൾക്കുശേഷം അവളെ ആ സംരംക്ഷകയെ വീണ്ടും കണ്ടപ്പോൾ, സ്നേഹവും, സങ്കടവും ഒന്നുചേർന്ന ഒരു ഭാവത്തിൽ അവൻ അത് വീണ്ടും ഓർത്തെടുത്തു.

"മരുപ്പട്ട എന്ന അഞ്ചാമത്തെ കഥയിലെ ആശയത്തെ നമുക്ക് പണത്തിനുമീതെ. പരുന്തും പറക്കില്ല എന്ന പഴഞ്ചൊല്ലിലെ ആശയവുമായി ബന്ധിപ്പിക്കാം ഭക്തിയിൽപോലും ഇപ്പോൾ പണം കലർന്നിരിക്കുന്നു. ഇപ്പോൾ നടതുറക്കുന്നതേ കാണിക്ക എണ്ണാനാണ് അങ്ങനെയുള്ള ഈ സമൂഹത്തിന്റെ ചിത്രമാണ് ഈ കഥയിൽ വരച്ചുകാട്ടുന്നത്. സമൂഹത്തിലെ യഥാർഥ ഭക്തന്മാരിൽനിന്ന് കാണിക്കയായി കിട്ടിയ പണം എണ്ണാൻ നിലവറ തുറക്കുമ്പോൾ, യഥാർഥത്തിൽ തുറക്കപ്പെടുന്നത് പലപല പണക്കൊതിയന്മാരുടെ മനസ്സാണ്. പലരുടേയും ഭക്തി, പണത്തോടുള്ള അതിമോഹം കാരണമാണെന്നാണ് ഒരു സത്യവും ഈ കഥ നമുക്ക് കാണിച്ചുതരുന്നു.

ആറാമത്തെ കഥയായ 'ലിഫ്റ്റ്'എപ്പോഴും എല്ലാവരോടും ലിഫ്റ്റ് ചോദിക്കുന്ന ഈ പുതുസമൂഹത്തെയാണ് കാണിച്ചുതരുന്നത്. ലിഫ്റ്റ് ചോദിക്കുന്നത് ഈ സമൂഹത്തിലെ പലരുടേയും ജീവിതത്തിലെ ഭാഗമായി തീർന്നിരിക്കുന്നു എന്ന വസ്തുത നാം മനസ്സിലാക്കേണ്ടതായുണ്ട്. ഈ കഥ നമ്മെ ധാരാളമായി ചിന്തിപ്പിക്കുന്നു.

ഏഴാമത്തെ കഥയായ 'ആട്ടം' ത്തിൽ ഈ സമൂഹത്തിൽനിന്നും മാഞ്ഞുപോകുന്ന കുട്ടിത്തെയ്യമായ 'ആടിവേടൻ' എന്ന കലാരൂപത്തെക്കുറിച്ചാണ് പറയുന്നത്. മുതിർന്ന തെയ്യക്കലാകാരന്മാരോട് അന്വേഷിച്ച് തെയ്യമെന്ന കലാരൂപത്തെക്കുറിച്ച് ഡോക്യുമെന്ററി ആക്കുമ്പോഴും, പ്രോഗ്രാമാക്കി ടിവിയിൽ കാണിക്കുമ്പോഴുമൊക്കെയാണ് ഇപ്പോൾ ഈ സമൂഹത്തിൽ തെയ്യം എന്ന കലാരൂപത്തെ കാണുകപോലും ചെയ്യുന്നത്. തെയ്യപശ്ചാത്തലത്തിൽ, ഈ സംഭവം വിവരിക്കുന്ന ചെറുകഥയാണ് 'ആട്ടം'. അതോടൊപ്പം വലിയ ആളാ-ണെന്ന മുരളീധരന്റെ ഭാവവും, ഒരു പാവപ്പെട്ട കുടുംബത്തിന്റെ കഷ്ടപ്പാടും, ബബ്ലുവിന്റെ നിഷ്കളങ്കതയും ഈ കഥയിൽ പറയുന്നു. പണം കാരണമുള്ള അഹങ്കാരം പാവപ്പെട്ടവനിൽ തീർക്കുന്ന ഈ സമൂഹത്തിലെ എല്ലാവരുടേയും പ്രതിരൂപമായാണ് ഈ കഥയിൽ മുരളീധരനെ അവതരിപ്പിച്ചിരിക്കുന്നത്.

പണത്തിൻ്റെ അഹങ്കാരംകൊണ്ട് കണ്ണ് മൂടപ്പെട്ട്, ചേറിൽനിന്ന് തന്നെ തന്റെ അച്ഛൻ വാനിലേക്ക് ഉയർത്തിയതാണെന്ന് മുരളീധരൻ തിരിച്ചറിയുന്നില്ല. ഒരുപാടാശയങ്ങളും ഒരുപാട് സന്ദേശങ്ങളും തന്ന ഒരു കഥയാണിത്.

കേരളീയ ജീവിതത്തിലെ സാമൂഹ്യയാഥാർഥ്യങ്ങളെ തീഷ്ണമായി അനുഭവവേദ്യമാകുന്ന ജീവസ്സുറ്റ കഥകൾ അടങ്ങിയ ഒരു കൊച്ചു പുസ്തകമാണിത്. മലയാള ചെറുകഥകളിൽ ഏറ്റവും ശ്രദ്ധേയമായ ഏഴു കഥകൾ ആണ് ഈ പുസ്തകത്തിൽ ഉള്ളത്.ഈ കഥകൾക്ക് നാടൻ ഭാഷാശൈലി മാറ്റ് കൂട്ടുന്നു. ഈ പുസ്തകത്തിന് സമൂഹത്തിലുള്ള പ്രസക്തി ചെറുതൊന്നുമല്ല. സമൂഹത്തിലെ യാതനകളും വേദനകളും ആഹ്ലാദങ്ങളുമാണ് ഈ പുസ്തത്തിൽ കഥകളായി രൂപാന്തരപ്പെട്ടിരിക്കുന്നുണ്ട്.. കഥാകൃത്ത് സമൂഹത്തിന്റെ പ്രതിരൂപമാണ് ഈ കഥയിലൂടെ ആവിഷ്കരിക്കാൻ ശ്രമിക്കുന്നത് നാടൻ പദപ്രയോഗവും അർത്ഥവത്തായ വാക്കുകൾകൊണ്ടും മനോഹരമായ കഥകൾ അടങ്ങുന്ന പുസ്തകം എന്ന ഏറെ ചിന്തിപ്പിച്ചു.



തന്മയ പി വി
ഏഴ് ഡി

# ഓർമ്മകളുടെ കുപ്പിവളകൾ

കളകളാ ഒഴുകുന്ന കടലിൻറെ തീരത്ത് ഭ്രാന്തനെപ്പോലെ തോന്നുന്ന ഒരു വ്യക്തി. അദ്ദേഹത്തിന്റെ തോളിൽ ഒരു മാറാപ്പ്, മുടിയും താടിയും നീട്ടി വളർത്തി, കുപ്പായത്തിന്റെ കീശയിൽ ഒരു പെൺകുട്ടിയുടെ ചിത്രവും, കുപ്പിവളകളും. ഇതായിരുന്നു ആ ഭിക്ഷക്കാരന്റെ വേഷം. കടൽ തീരത്തുടെ നടക്കും വഴി അദ്ദേഹം ഒരു പെൺകുട്ടിയെ കാണാൻ ഇടയായി. അച്ഛന്റെ കൈകൾ മുറുക്കെ പിടിച്ച് തിരകൾ എണ്ണിരസിക്കുന്ന ഒരു കൊച്ചുപെൺകുട്ടിയായിരുന്നു അവൾ. കൈകളിൽ കിലുങ്ങുന്ന കുപ്പിവളകൾ, പട്ടുപാവാട ധരിച്ചിരിക്കുന്നു. ഇതെല്ലാം കണ്ടപ്പോൾ കണ്ണടച്ച് ആ ഭ്രാന്തൻ ചിന്തയിലാണ്ടു. ഒരുപാടുകാലം പുറകോട്ടു പോയി. തന്റെ എകമകളെ പൊന്നുപോലെ നോക്കിയ ഒരു അച്ഛനായിരുന്നു.

അയാൾ പലനിറത്തിലുള്ള കുപ്പിവളകൾ അവൾക്ക് സമ്മാനമായി കൊടുക്കുമായിരുന്നു. ഒരു നാൾ വഴിയോരത്തുകൂടെ നടക്കുമ്പോൾ ഒരു വാഹനം അവളെ ഇടിച്ചുതെറിപ്പിച്ചു. നെഞ്ചുപൊട്ടി, കാറി വിളിച്ചുകൊണ്ട് അവളുടെ അച്ഛൻ അപ്പുറത്ത് . തന്റെ മകളുടെ മരണം കൺമുന്നിൽ കണ്ടനിമിഷം മുതൽ അദ്ദേഹം ഒരു ഭ്രാന്തനായി മാറി.ആകെ ആ പൊട്ടിച്ചിതറിയ കുപ്പിവളകൾ മാത്രം ബാക്കിയായി. ആ അച്ഛനാണ് ഇന്ന്

ഭിക്ഷക്കാരനെപ്പോലെ അലയുന്നത്.അദ്ദേഹം കണ്ണുകൾ തുറന്നു.

പതിയെ ആ പെൺകുട്ടിയുടെ അടുത്തേക്കു പോയി.

തന്റെ കീശയിൽ കിടന്ന വളകളുടെ അവശിഷ്ടം

ആ കാച്ചുപെൺകുട്ടിയടെ കരങ്ങളിൽ ഏൽപ്പിച്ചുകൊണ്ട്,

വിങ്ങിപ്പൊട്ടി കരഞ്ഞു. ഇതു കണ്ടു നിന്ന പെൺകുട്ടിയുടെ

അചഛൻ ഒന്നും പറഞ്ഞില്ല. വൃദ്ധന് തന്റെ മകളുടെ ആത്മാവിന്

ശാന്തിലഭിച്ചുവെന്ന് തോന്നി. ഉടനെ ഒന്നും ശബ്ദിക്കാതെ

അദ്ദേഹം നിറഞ്ഞ കണ്ണുകളോടെ തിരികെ നടന്നു.

അൽപസമത്തിനുശേഷം പെൺകുട്ടിയുടെ അച്ഛൻ ഒരു കടല

വിൽപനകാരന്റെ കടയിൽ കയറി. അവരോട് ആ നടന്നു

പോകുന്ന ഭ്രാന്തനെക്കുറിച്ച് ചോദിച്ചു. ഒടുവിൽ വൃദ്ധന്റെ

ജീവിതത്തിൽ നടന്നതെല്ലാം കടലവിൽപ്പനക്കാരൻ പെൺ

കുട്ടിയുടെ അച്ഛന് വിശദീകരിച്ചുകൊടുത്തു

വിചനതയുടെ യാത്രതുടരുന്ന ആ വൃദ്ധനെ നോക്കി

പുഞ്ചിരിച്ചുകൊണ്ട് ആ അച്ഛൻ അവിടെ നിന്നു..........



ആദിയ സജി

ആറ് ഇ

ചിത്രം

# ഗ്രാമജീവിതം






ആര്യനന്ദ ടി എസ്

ആറ് ബി

ചിത്രകഥ

# കാസിമിന്റെ ചെരുപ്പ്






കാസിമിനെ ജയിലിലടച്ചു. കാസിം തന്റെ ചെരുപ്പ് വെറുത്തു പോയി.
നശിച്ച ചെരുപ്പ്
ശിക്ഷക്ക് ശേഷം കാസിം തന്റെ ചെരുപ്പ് നൈൽ നദിയിൽ എറിഞ്ഞു.
2-3 ദിവസം കഴിഞ്ഞ് മുക്കുവരുടെ വലയിൽ ചെരുപ്പ് കുടുങ്ങി
മുക്കുവൻ കാസിമിന്റെ കടയിൽ പോയി ചെരുപ്പ് എറിഞ്ഞു കാസിമിന് കുറേ നഷ്ടം വന്നു.
കാസിമിന് സങ്കടം ഉണ്ടായി. ചെരുപ്പ് കുഴിച്ചിട്ടു.
കാസിമിനോട് വിരോധമുള്ള അയൽക്കാരൻ കാസിം സ്വർണ്ണനാണയം കുഴിച്ചിടുന്നു എന്ന് പരാതി നൽകി.
ദേഷ്യം വന്ന കാസിം ചെരുപ്പ് തോട്ടിലേക്ക് എറിഞ്ഞു.



അലൈന വി വി അഞ്ച് സി



# കണ്ടൻ പൂച്ച

കണ്ണട വെച്ചൊരു കണ്ടൻ പൂച്ച

കഥ വായിച്ചു ചിരിക്കുന്നേ...

കണ്ടൻ പൂച്ച ചുണ്ടെലിയെ ഒന്ന് കടിച്ചൊരു  കഥയാണെ...

ആ വഴി വന്ന ഒരു എലിയച്ഛൻ ഈ കഥ കേട്ട് ഞെട്ടിപ്പോയി

കണ്ടൻ പൂച്ച ചുണ്ടലിയെ ഒന്ന് കടിച്ചാൽ കഥ കഴിയും......





ഉത്തര ജയേഷ്

VE

# നന്ദി

മഴവില്ലിന്റെ പിന്നിൽ ഒരുപാട് ആളുകളുടെ പ്രയത്നം ഉണ്ട്. സൃഷ്ടികൾ തന്ന് സഹായിച്ചവർ, ഇതിൻ്റെ എഡിറ്റിംഗ് ഉൾപ്പെടെ വിവിധ രംഗങ്ങളിൽ പ്രവർത്തിച്ചവർ, ഞങ്ങൾക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി കൂടെ നിന്ന അധ്യാപകർ എല്ലാവർക്കും നന്ദി അറിയിക്കുന്നു.

എഡിറ്റോറിയൽ ടീം.